# കൈപ്പുഴ നീര പ്ലാന്റ് ഉദ്ഘാടനം 26ന്



കൊച്ചി: നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൈപ്പുഴ കോക്കനട്ട് കമ്പനിയുടെ നീര പ്ലാന്റിന്റെ ഉദ്ഘാടനം 26 ന് 2മണിക്ക് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവ്വഹിക്കും. കൈപ്പുഴ കോക്കനട്ട് പാർക്കിന്റെ ഉദ്ഘാടനം തൊഴിൽ മന്ത്രി ഷിബു ബേബി ജോണും, വിപണനോദ്ഘാടനം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗ്ഗീസ് കൽപ്പകവാടിയും നിർവ്വഹിക്കും. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കും.

പ്രതിദിനം 5000 ലിറ്റർ നീര ഉൽപാദിപ്പിക്കാനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ നീര ഹണി, ഷുഗർ, ജാം, സ്ക്വാഷ് എന്നീ ഉൽപന്നങ്ങളും നിർമ്മിക്കുന്നതിനും വേണ്ടിയുള്ള പ്ലാന്റാണ് കൈപ്പുഴ കമ്പനി നിർമ്മിച്ചിരിക്കുന്നത്. കെ.സി.പി.സി.എൽ. ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ സ്വാഗതവും, നാളികേര ബോർഡ് ചെയർമാൻ ടി. കെ. ജോസ് ആമുഖ പ്രഭാഷണവും, കെ.സി.പി.സി.എൽ. എം. ഡി. ജയമോൻ കൃതജ്ഞതയും നിർവ്വഹിക്കും.